ICPS 2/4321/2022(3)

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
0471-2346534
ഇമെയിൽ : directorate.wcd@kerala.gov.in
തീയതി :28.12.2022

# ടെണ്ടർ നോട്ടീസ്

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിൽ താമസിക്കുന്ന കുട്ടികളുടെ സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി **2023 ജനുവരി മാസം 20,21,22** തീയതികളിൽ തിരുവനന്തപുരം ഗവൺമെൻറ് വിമൻസ് കോളേജിൽ വച്ച് **"വർണ്ണച്ചിറകുകൾ 2022"** എന്ന പേരിൽ നടത്തുന്ന പരിപാടിയിലേയ്ക്ക് ചുവടെ പട്ടികയിൽ പറയുന്ന പ്രൈസുകൾ ക്രമപ്രകാരം നൽകുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മൽസരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ സീൽ ചെയ്ത് മുദ്രവച്ച കവറിൽ ക്ഷണിക്കുന്നു.

| ക്രമ നം | ഒന്നാം സമ്മാനം ട്രോഫികളുടെ എണ്ണം | രണ്ടാം സമ്മാനം ട്രോഫികളുടെ എണ്ണം | മൂന്നാം സമ്മാനം ട്രോഫികളുടെ എണ്ണം |
|---|---|---|---|
| 1 | 135<br>തുക: 135X700=94500/- | 135<br>തുക: 135X400=54000/- | 135<br>തുക: 135X250=33750/- |
| 2 | ഓവറോൾ ട്രോഫി -<br>2 എണ്ണം | ഓവറോൾ ട്രോഫി -<br>2 എണ്ണം | 4X4000=16000/- |

പ്രവർത്തിയുടെ അടങ്കൽ തുക : Rs.2,00,000/-

ടെണ്ടർ വില(അടങ്കൽ തുകയുടെ 0.2%) : Rs. 400/-(Min)+Rs.72/-(18% GST)= Rs.472/-

നിരത ദ്രവ്യം(അടങ്കൽ തുകയുടെ 1%) : Rs.2000/-(വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ അംഗീകൃത ബാങ്കിൽ നിന്ന് എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ്)

ടെണ്ടർ ഫോം വിൽക്കുന്ന അവസാന
തീയതിയും സമയവും : 13.01.2023 വൈകുന്നേരം 2.00 മണി.

പൂരിപ്പിച്ച ടെണ്ടറുകൾ ആവശ്യമായ രേഖകൾ
സഹിതം സ്വീകരിക്കുന്ന അവസാന തീയതിയും
സമയവും :13.01.2023 വൈകുന്നേരം 3.00 മണി.

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 13.01.2023 വൈകുന്നേരം 4.00 മണി.

ടെണ്ടർ സമർപ്പിക്കേണ്ട അധികാരിയുടെ
ആഫീസ് മേൽ വിലാസം : ഡയറക്ടർ, വനിതാശിശു വികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം

**വ്യവസ്ഥകൾ**

1. എല്ലാ പ്രവർത്തി തുകയും ട്രാൻസ്പോർട്ടേഷൻ ചെലവ് ഉൾപ്പെടെയായിരിക്കും.
2. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ സമർപ്പിച്ച കരാറുകാരുടെയും അവർ രേഖാമൂലം ചുമതലപ്പെടുത്തുന്നവരുടെയോ സാന്നിധ്യത്തിൽ നിശ്ചിത തീയതിയിൽ നിശ്ചിത സമയത്ത് ടെണ്ടർ തുറന്ന് പരിശോധിക്കുന്നതായിരിക്കും. ഇവരുടെ അഭാവത്തിലും നിശ്ചിത സമയത്ത് ടെണ്ടർ തുറന്ന് പരിശോധിക്കുന്നതായിരിക്കും.
3. ടെണ്ടർ തുറക്കുന്ന തീയതിയിൽ ഏതെങ്കിലും സാഹചര്യത്തിൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ രാവിലെ 10.30 മണിക്ക് ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നതാണ്.
4. ടെണ്ടറിന് സ്റ്റോർ പർച്ചേസ് മാനുവൽ, ജി.എസ്.റ്റി, ഐ.ടി ചട്ടങ്ങൾ മറ്റു സർക്കാർചട്ടങ്ങൾ/ഉത്തരവുകൾ ബാധകമായിരിക്കും.
5. ടെണ്ടറുകൾ ഏതൊരു കാരണവും കൂടാതെ നിരുപാധികം നിരസിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നീട്ടി വയ്ക്കുന്നതിനുള്ള അധികാരം ടെണ്ടർ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും.
6. ടെണ്ടർ അംഗീകരിച്ചു ലഭിക്കുന്ന കരാറുകാരൻ കരാർ തുകയുടെ 5 ശതമാനം തുക സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കേണ്ടതും 200 രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത കരാറിൽ ഏർപ്പെട്ട് പ്രവർത്തി പൂർത്തിയാക്കേണ്ടതുമാണ്.

7. ടെണ്ടർ സമർപ്പിക്കുന്ന കവറിനു മുകളിൽ ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ടെണ്ടർ തീയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുര ആസ്ഥാനമായി പ്രവർത്തിക്കുന്ന വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും അറിയാവുന്നതും പ്രവർത്തി സ്ഥലം പരിശോധിക്കാവുന്നതാണ്.

28/12/22

**വനിത ശിശു വികസന ഡയറക്ടർ**

9446230650